പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4274

17.5.2017 ൽ
മറുപടിക്ക്

## കായംകുളം പോലീസ് സ്റ്റേഷനിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി** | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | കായംകുളം പോലീസ് സ്റ്റേഷനിൽ ജീവനക്കാർക്ക് ഡ്രസിംഗ് റൂം, റസ്റ്റ് റൂം എന്നിവയ്ക്കായി മതിയായ സൗകര്യം ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) | ഉണ്ട്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത പോലീസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | ബി) | കായംകുളം പോലീസ് സ്റ്റേഷനിൽ 6 കമ്പ്യൂട്ടറുകളും 4 പ്രിന്ററും 2 ഫോട്ടോസ്റ്റാറ്റ് മെഷീനും നിലവിലുണ്ട്. |
| സി) | ജനമൈത്രി പോലീസ് സ്റ്റേഷൻ കൂടിയായ ഈ സ്റ്റേഷനിൽ 20 ബീറ്റുകളിൽ സേവനം അനുഷ്ഠിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റേഷനിലേക്ക് മതിയായ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം പോലീസ് സ്റ്റേഷനിൽ ജനമൈത്രി പദ്ധതി ആരംഭിച്ചതുമായി ബന്ധപ്പെട്ട് 4 വനിതാ പോലീസ് ഉദ്യോഗസ്ഥരെ അധികമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ